# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 981 — 11.07.2011 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണ സംഘങ്ങളുടെ നഷ്ടം നികത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പ് 2010 ൽ ആരംഭിച്ച നെല്ല് സംഭരണത്തിൽ സർക്കാർ പ്രഖ്യാപിച്ച തറവിലയ്ക്ക് നെല്ല് സംഭരിച്ച് പ്രവർത്തിച്ച സഹകരണ സംഘങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ സ്ഥാപനങ്ങൾ മുഖേന 2010 സീസൺ മുതലാണ് നെല്ല് സംഭരണം ആരംഭിച്ചത്. ആയതിലേക്ക് സംഘങ്ങൾക്ക് അനുവദിക്കുന്നതിനുള്ള ധനസഹായമായി 4 കോടി രൂപ നോഡൽ ഏജൻസിയായ കൺസ്യൂമർ ഫെഡിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) 2010 - 11 സീസണിൽ സഹകരണ സംഘങ്ങൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പേര് രജിസ്റ്റർ ചെയ്യാത്ത കർഷകരിൽ നിന്ന് നെല്ല് സംഭരണം നടത്തുമോ; | (ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കാത്ത പ്രദേശങ്ങളിൽ നിന്നാണ് 2010 സീസണിൽ സഹകരണ വകുപ്പ് മുഖേന നെല്ല് സംഭരണം നടത്തിയിരുന്നത്. അതേ രീതിയിൽ 2011 ലും നെല്ല് സംഭരണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) സർക്കാർ നിർദ്ദേശം പാലിച്ച് നെല്ല് സംഭരണം നടത്തിയ സംഘങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്താൻ നടപടി സ്വീകരിക്കുമോ? | (സി) നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ